# പതിനാലാം കേരളം നിയമസഭ
## പത്താം സമ്മേളനം

14.03.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3142

**ചോദ്യം**
**ശ്രീ.യു.ആർ.പ്രദീപ്**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

## തുക കുറവ് വരുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകകളിലാണ് കേന്ദ്ര ഗവൺമെന്റ് കുറവുവരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (എ) പതിന്നാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമാക്കി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ, സംസ്ഥാനപദ്ധതികൾക്കുള്ള സാധാരണ കേന്ദ്ര സഹായം ഒറ്റത്തവണ കേന്ദ്രസഹായം എന്നിവ നിറുത്തലാക്കിക്കൊണ്ടും മറ്റു ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. നീതി ആയോഗിന്റെ രൂപീകരണത്തിന് ശേഷം കഴിഞ്ഞ സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന 66 കേന്ദ്രാവിഷ്കൃത പദ്ധതികളെ യുക്ത്യാനുസാരണം ക്രമപ്പെടുത്തിയതിന്റെ ഭാഗമായി നടപ്പു സാമ്പത്തികവർഷം (2017 -18) കോർ, കോർ ഓഫ് ദി കോർ, ഓപ്ഷണൽ എന്നീ വിഭാഗങ്ങളിലായി 28 സ്കീമുകളാണ് നിലവിലുള്ളത്. ഇതിൽ കോർ ഓഫ് ദി കോർ വിഭാഗത്തിൽ ഉൾപ്പെടുന്ന 6 സ്കീമുകൾക്കു നിലവിലുണ്ടായിരുന്ന ഫണ്ടിംഗ് പാറ്റേൺ ( 100 % കേന്ദ്രവിഹിതം) തന്നെയാണ് നടപ്പു വർഷവും തുടരുന്നത്. വിവിധങ്ങളായ ഫണ്ടിംഗ് പാറ്റേർണിലുള്ള 'കോർ' വിഭാഗത്തിലെ സ്കീമുകളെ നടപ്പു വർഷം 20 സ്കീമുകളിലേക്കായി 60 : 40 എന്ന ഫണ്ടിംഗ് |

പാറ്റേർണിൽ  എകീകരിച്ചിട്ടുണ്ട്.

കോർ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാനവിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75 ശതമാനം, 80 ശതമാനം എന്നീ വിവിധ രീതികളിൽ കേന്ദ്രവിഹിതം ലഭ്യമാക്കിയിരുന്നു.

**സെക്ഷൻ ഓഫീസർ**